File No.TCPKZD/390/2022-C1

"ഭരണഭാഷ മാതൃഭാഷ"

നമ്പർ.TCPKZD/390/2022-സി1

**തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)**
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം,
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി.29/06/2022
ഫോൺ: 0495-2369300
ഇമെയിൽ :tpkzd.lsgdplng@kerala.gov.in

---

**നഗരാസൂത്രക,**
കോഴിക്കോട്.

**സെക്രട്ടറി**
ഒളവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ഒളവണ്ണ ഗ്രാമപഞ്ചായത്ത്-പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹ നിർ– മാണം -ശ്രീമതി .സൈനബ എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 8/4/2022 ലെ A4/362/2021 നമ്പർ കത്ത്

ഒളവണ്ണ ഗ്രാമപഞ്ചായത്ത് -ഒളവണ്ണ വില്ലേജിൽ റവന്യൂ വാർഡ് -12, റീസർവേ നമ്പർ 142/87, 90, 91 -ൽ 2621.45 ച .മീ സ്ഥലത്ത് തന്നിരിക്കുന്ന പ്ലാൻ പ്രകാരം 2019 ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായി ശ്രീമതി .സൈനബ എന്നവരുടെ അപേക്ഷയിൽ ഒരു വാസഗൃഹ നിർമാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് .വിധേയമായി അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു

**നിബന്ധനകൾ**

1. നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ നിന്നും വ്യതിയാനം വരുത്തിയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്നതിനാൽ, കെട്ടിടം നിലവിൽ നിർമ്മിച്ച രീതിയിലുള്ള പ്ലാൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച് പെർമിറ്റ് വാങ്ങേണ്ടതാണ്.
3. ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ വിസ്തീർണം , അതിരുകൾ, ഉടമസ്ഥാവകാശം, റിസ നമ്പർ, ഭൂമിയുടെ തരം മുതലായവ സെക്രട്ടറി പരിശോധിച്ച ഉറപ്പ

വരുത്തേണ്ടതാണ്.

4. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 5(4) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ വാങ്ങേണ്ടതാണ് .

**നോട്ട്-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം 2035 ഭേദഗതി 12(C) പ്രകാരം* ***പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹം*** *നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ്.*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

Signature valid
Digitally signed by ISHA P A
Date: 2022.06.29 19:28:34
IST
Reason: Approved
Location: PALAKKAD

വിശ്വസ്തതയോടെ,

**നഗരാസൂത്രക, കോഴിക്കോട്.**

ഉള്ളടക്കം-മേൽപ്പറഞ്ഞത്

പകർപ്പ്- അപേക്ഷകന്

DESPATCHED
Date 01/07/2022